# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2117 — 11/02/2020-ൽ മറുപടിക്ക്

## ജീവിതശൈലീ രോഗനിയന്ത്രണവും ക്യാൻസർ രോഗ നിർണയവും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) അനാരോഗ്യകരമായതും വ്യായാമം കുറഞ്ഞതുമായ ജീവിതശൈലീകൊണ്ട് നല്ലൊരു വിഭാഗം ജനങ്ങളിൽ പ്രമേഹം, ഹൃദ്രോഗം, ക്യാൻസർ എന്നീ രോഗങ്ങൾ പിടിപെടുന്നതു കണക്കിലെടുത്ത് ജീവിതശൈലീ രോഗനിയന്ത്രണത്തിന് ആരോഗ്യ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എ) ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന കാതലായ മാറ്റത്തിനനുസൃതമായി ജീവിതശൈലീരോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് ആൻഡ് സ്റ്റഡീസും ആരോഗ്യ വകുപ്പും സംയുക്തമായി നടത്തിയ പഠനത്തിൽ കേരളത്തിലെ മൂന്നിലൊരാൾക്ക് രക്താതിമർദ്ദവും അഞ്ചിലൊരാൾക്ക് പ്രമേഹവുമുള്ളതായി കണ്ടെത്തുകയുണ്ടായി.<br><br>ഈ അവസ്ഥ പ്രതിരോധിക്കുന്നതിനും സംസ്ഥാനം ആരോഗ്യരംഗത്ത് കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' എന്ന പേരിൽ ജീവിതശൈലീരോഗനിയന്ത്രണ പദ്ധതി ആരംഭിക്കുകയു ണ്ടായി. പ്രാഥമിക ആ രോഗ്യതലത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും ആരംഭിച്ച ഈ പദ്ധതി 2016-17 ഓടു കൂടി ജില്ലാ/ ജനറൽ/ താലൂക്ക് ആശുപത്രികളെ കൂടി ഉൾപ്പെടുത്തി സമ്പൂർണ്ണ ജീവിതശൈലീരോഗ നിയന്ത്രണ സംസ്ഥാനമായി മാറി. ഇതിനോടൊപ്പം സംസ്ഥാന സർക്കാർ ആരംഭിച്ച ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഉയർത്തപ്പെട്ട കുടുംബാരോഗ്യകേന്ദ്രങ്ങളിൽ COPD(Chronic Obstructive Pulmonary Disease) നിയന്ത്രണത്തിനുള്ള 'ശ്വാസ് പദ്ധതി', നേത്രപടലാന്ധത (Diabetic Retinopathy) കണ്ടെത്തുന്നതിനുള്ള 'നയനാമൃതം' പദ്ധതി, വിഷാദരോഗം കണ്ടെത്തുന്നതിനുള്ള 'ആശ്വാസം' പദ്ധതി, ഡയബറ്റി ക് ഫുട്ട് ക്ലിനിക്ക്, പുകവലി നിയന്ത്രണ ക്ലിനിക്കുകൾ എന്നിവ ഉൾപ്പെടുത്തി ജീവിതശൈലീരോഗങ്ങളുടെ |

സങ്കീർണതകൾ കൂടി പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രമേഹം, രക്താതിമർദ്ദം എന്നീ രോഗങ്ങളുടെ നിയന്ത്രണനിരക്ക് ഉയർത്തുന്നതിനായി ലോകാരോഗ്യസംഘടനയുടെ സഹായത്തോടു കൂടി 'ഇന്ത്യ ഹൈപ്പർടെൻഷൻ കൺട്രോൾ ഇനിഷ്യേറ്റീവ്' എന്ന പദ്ധതിയും ജനസംഖ്യാധിഷ്ഠിത ജീവിതശൈലീരോഗ നിയന്ത്രണത്തിന് 'പോപ്പുലേഷൻ ബെയ്സ്ഡ് സ്ക്രീനിംഗ്' എന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

ഇതിനു പുറമേ ജില്ലാ-താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ, പക്ഷാഘാത ക്ലിനിക്കുകൾ, കൊറോണറി കെയർ യൂണിറ്റുകൾ, കാത്ത് ലാബുകൾ എന്നീ സ്പെഷ്യാലിറ്റി സേവനങ്ങൾ കൂടി ഉൾപ്പെടുത്തി സെക്കൻഡറി തല സേവനങ്ങൾ ഊർജ്ജിതമാക്കി.

ബി) സ്വകാര്യ മേഖലയിലെ ആശുപത്രികളിൽ വരുന്ന ഭീമമായ ചികിത്സാ ചെലവു നിമിത്തം ക്യാൻസർ രോഗികൾ ബുദ്ധിമുട്ടുന്നതു കണക്കിലെടുത്ത് സർക്കാർ ആശുപത്രികളിൽ ആരംഭത്തിൽ തന്നെ ക്യാൻസർ രോഗം കണ്ടെത്തുന്നതിനും വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;വിശദാംശം വ്യക്തമാക്കുമോ?

ബി) സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കേരള കാൻസർ സ്ട്രാറ്റജിയുടെ ഭാഗമായി സർക്കാർ മേഖലയിലെയും സ്വകാര്യ മേഖലയിലെയും കാൻസർ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു കാൻസർ ഗ്രിഡ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് സമ്പൂർണ്ണമായി സാക്ഷാത്ക്കരിക്കപ്പെടുന്നതോടുകൂടി ചെറുതും വലുതുമായ എല്ലാ കാൻസർ കേന്ദ്രങ്ങളിലും ഒരു ശൃംഖലയ്ക്കുള്ളിൽ അണി ചേരുകയും പൊതുവായ ചികിത്സാ മാനദണ്ഡങ്ങൾ അവലംബിക്കുകയും ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങളും സേവനങ്ങൾക്കും അനുസൃതമായി റഫറൽ സംവിധാനം നടപ്പിലാക്കുകയും ചെയ്യുന്നതാണ്. കാൻസർ പ്രോട്ടോക്കോൾ നിലവിൽ വരുകയും ഇതിൽ നിഷ്കർഷിച്ച മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി സംഭരിക്കുകയും ചെയ്യുന്നതോടെ കാൻസർ രോഗ ചികിത്സ ചെലവ് ഒരു പരിധി വരെ കുറയ്ക്കാൻ സാധിക്കുന്നതാണ്.

ആരോഗ്യ വകുപ്പിന് കീഴിൽ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും കാൻസർ നിർണ്ണയ കീമോതെറാപ്പി ചികിത്സ ക്ലിനിക്കുകൾ ആരംഭിക്കുകയും കീമോതെറാപ്പിയുൾപ്പെടെയുള്ള കാൻസർ ചികിത്സാ സേവനം നൽകി വരുകയും ചെയ്യുന്നു. കൂടുതൽ ആശുപത്രികളിലേയ്ക്ക് ഈ സംവിധാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് ക്യാമ്പുകൾ എല്ലാ സാമ്പത്തിക വർഷവും

ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലൂടെ നടത്തി വരുന്നു. നേരത്തെ കണ്ടെത്താവുന്നതും ചികിത്സിച്ച് ഭേദമാക്കാവുന്നതുമായ സ്തനാർബുദം, വദനാർബുദം, ഗർഭാശയ ഗളാർബുദം എന്നിവ പ്രാരംഭ ദശയിൽ തന്നെ കണ്ടെത്തുന്നതിനും, സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ സ്ക്രീനിംഗ് പദ്ധതി ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലി രോഗ നിർണ്ണയ പദ്ധതിയുടെ ഭാഗമായി ആശമാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് എല്ലാ ജനങ്ങളുടെയും പ്രാഥമിക രോഗ വിവര ശേഖരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിൽ കാൻസർ രോഗ ലക്ഷണമുള്ളവരെ മുൻഗണനാ ക്രമത്തിൽ കാൻസർ രോഗ സ്ക്രീനിംഗിന് വിധേയമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ